
# ബൈബിൾ സത്യം



# THE BIBLE TRUTH

# ബൈബിൾ വിവരണം

(66 പുസ്തകങ്ങൾ)



# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 18 November 2004 No. 8


## എഡിറേറാറിയൽ

എല്ലാ രാജ്യങ്ങളിലും ഇപ്പോൾ വികസനത്തിന്റെ ധ്വനികൾ ഉയർന്നു കേൾക്കുന്നുണ്ട്. പല രീതിയിലുള്ള വികസനമാണ് ഓരോ രാജ്യത്തിലും നടക്കുന്നതു. മനുഷ്യർ പെരുകുന്നതോടെ അവരുടെ ആവശ്യങ്ങൾ വർദ്ധിക്കുന്നു. അതുകൊണ്ടു പരിഷ്കൃത മനുഷ്യരും അതനുസരിച്ചു ചിന്തിക്കുന്നതു സ്വാഭാവികമാണ്. ചില കാര്യങ്ങളിൽ വികസനം നടത്തുകയും മററു കാര്യങ്ങളിൽ നടത്താതിരിക്കയും ചെയ്യുന്ന ഭരണത്തലവന്മാരുണ്ട്. അക്കാരണത്താൽ ഭരണം നഷ്ടപ്പെടുന്നവരുണ്ട്. സാമൂഹികമായും സാങ്കേതികമായും വളരുന്ന സാഹചര്യം നല്ലതാണെന്നു ഒരു വിധത്തിൽ പറയാം. എങ്ങനെയാണെങ്കിൽ എന്നതാണ് നോക്കേണ്ടതു. മനുഷ്യരുടെ ഭൗതികവും പ്രാഥമികവുമായ ആവശ്യങ്ങൾ നടത്തി കൊടുക്കുവാൻ സന്നദ്ധ സംഘടനകൾ ധാരാളമുണ്ട്. മനുഷ്യരുടെ ജീവിത നിലവാരം ഉയർത്തുവാൻ ലക്ഷ്യമിടുന്നതാണ് എല്ലാ ഭൗതിക പുരോഗമന മാർഗ്ഗവും. ലോക പ്രകാരം ജനങ്ങൾ കൈവരിക്കുന്ന നേട്ടങ്ങളുടെ ഭാഗമാണിത്. പ്രകൃതിയെ, ഭൂമിയെ, ഭൗമിക വസ്തുക്കളെയെല്ലാം വികസനത്തിന്റെയും പുരോഗമനത്തിന്റെയും പേരിൽ ദുരുപയോഗം ചെയ്യുന്നു. അതിന്റെ ഫലമായി കാലാവസ്ഥക്കു പോലും മാററം ഉണ്ടാകുന്നുണ്ട്.

മനുഷ്യരുടെ ജീവിതം ഭൗതിക സുഖ സൗകര്യങ്ങളെ

മാത്രം ആസ്പദമാക്കി നയിക്കേണ്ടതാണെന്ന ധാരണ പലരിലും ഉണ്ട്. അതുകൊണ്ടു അവർ ഇത്തരം കാര്യങ്ങൾക്കു മാത്രം ഊന്നൽ കൊടുക്കുന്നു. തൽഫലമായി അവർ മറ്റൊരു വശം കാണാതെ പോകുന്നു. പുറമെ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാലും ഏതെല്ലാം രീതിയിൽ ഉയർന്നാലും മനുഷ്യൻെറ അന്തർഭാഗം ഉയരുന്നില്ലെങ്കിൽ സാമൂഹ്യവിരുദ്ധർ വർദ്ധിക്കും. മാദ്ധ്യമങ്ങൾക്കു ധാരാളം വാർത്തയും കിട്ടും. രാഷ്ട്രീയക്കാർക്കു മുതലെടുപ്പും നടത്താം. അവരുടെ വ്യവസായ വളർച്ചക്കു ഇതു കാരണമായി തീരുന്നു. സമൂഹം ഇന്നു നേരിട്ടു കൊണ്ടിരിക്കുന്നതു ദാരിദ്ര്യമല്ല. മറിച്ചു സൽസ്വഭാവരാഹിത്യമാണ്. ഇതാണ് സമൂഹത്തെ നശിപ്പിച്ചു കൊണ്ടിരിക്കുന്നതു. മതങ്ങളുടെയോ മത സംഘടനകളുടേയോ കുറവല്ല ഇതിനു കാരണം, അടിസ്ഥാനപരമായി മതങ്ങൾ മനുഷ്യരുടെ ഭൗതികാവശ്യങ്ങൾക്കു ഊന്നൽ കൊടുക്കുന്നു. സമൂഹത്തിൽ നീതിബോധം വളർത്തേണ്ടതു മാതാപിതാക്കളുടേയും അദ്ധ്യാപകരുടേയും കടമയാണ്. മാതാപിതാക്കൾ കുട്ടികളെ സൽസ്വഭാവത്തിനു മുൻതൂക്കം കൊടുത്തു പഠിപ്പിക്കണം. തൻെറ കുട്ടിക്കു മററു കുട്ടികളെക്കാൾ മാർക്കു കുറഞ്ഞാലും സത്യ സന്ധതക്കും അനുസരണത്തിനും അവരെ പ്രോത്സാഹിപ്പിക്കുവാൻ കഴിയണം. എന്തു ചെയ്താലും കുറെ പണം ഉണ്ടാക്കണം എന്ന ചിന്ത അവരിൽ വളരുവാൻ പാടില്ല. ഇന്നത്തെ വിദ്യാഭ്യാസത്തിനു തന്നെ മാററം അനിവാര്യമാണ്.

വസ്തുക്കൾ ക്രയ വിക്രയം നടത്തുന്നതു പോലെ സ്ത്രീകളെയും പുരുഷന്മാരെയും വില്ക്കുന്ന സ്ഥിതിയിലേക്കു മാറിയിരിക്കുന്നു. കൊച്ചു കുട്ടികളെ ദാരിദ്ര്യം മൂലം വില്ക്കുന്ന ഒററപ്പെട്ട സംഭവങ്ങൾ നടക്കുന്നുണ്ട്. എന്നാൽ യുവത്വത്തെ വില്ക്കുന്നതു എത്ര വേദനാജനകമാണ്. എന്തു വികസനം കൊണ്ട് ഇതു മാററാൻ കഴിയും ?

★

# കർത്തൃമേശയിൽ നിന്നു ആർക്കു പങ്കെടുക്കാം ?

## J. C. ചോട്ട്

യേശുവിൻെറ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവക്കു മുൻപു യേശു സ്ഥാപിച്ചതാണ് കർത്തൃമേശ (മത്തായി 26:26-28). തൻെറ ശരീരത്തെ പ്രതിനിധാനം ചെയ്യുന്നതാണ് അപ്പമെന്നും പാനപാത്രം അഥവാ മുന്തിരി വള്ളിയുടെ അനുഭവം രക്തത്തെ പ്രതിനിധാനം ചെയ്യുന്നതാണ് എന്നും യേശു പറയുന്നു. തൻെറ പിതാവിൻെറ രാജ്യമാകുന്ന സഭയിൽ വീണ്ടും താൻ ശിഷ്യന്മാരുമായി പങ്കെടുക്കുന്നതു വരെ ഇനി അതിൽ നിന്നു പങ്കെടുക്കുകയില്ല എന്നും അവൻ തൻെറ മരണത്തിനു മുൻപു പ്രസ്താവിക്കയുണ്ടായി.

ഓർമ്മയുടെ അത്താഴ മേശയിൽ നിന്നു ആർക്കു പങ്കെടുക്കാൻ കഴിയും ? ക്രിസ്തുവിൻെറ ശിഷ്യന്മാരായി തീർന്ന ക്രിസ്ത്യാനികൾ, ദൈവരാജ്യത്തിലെ, സഭയിലെ, അവൻെറ ഭവനത്തിലെ അംഗങ്ങളായി തീർന്നവർ (പ്രവൃത്തി 2:38, 47; പ്രവൃത്തി 20:7). എന്നാൽ ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിൽ നാം കൂടി വരുമ്പോൾ - കർത്തൃദിവസമായ ഞായറാഴ്ച്ച - എല്ലായ്പ്പോഴും നമുക്കറിയാമോ ആരാണ് ക്രിസ്ത്യാനി, ആരാണ് ക്രിസ്ത്യാനിയാകാത്തത് എന്നു ?

തീർച്ചയായും പ്രാദേശിക സഭയിൽ അംഗങ്ങൾ എണ്ണി കൂടാത്തവണ്ണം കൂടുതലല്ലെങ്കിൽ അംഗങ്ങൾക്കു അന്യോന്യം അറിയാം. പുതുതായി വരുന്നവർ ഒഴിച്ച് പഴയ ആളുകളെ അവർക്കു തിരിച്ചറിയാൻ വിഷമമുണ്ടാകയില്ല. സന്ദർശകരായി വരുന്നവർ കാണും. പ്രത്യേകിച്ചു മററു പട്ടണങ്ങളിൽ നിന്നു, രാജ്യങ്ങളിൽ നിന്നു വരുന്ന അപരി

ചിതരായ ആളുകൾ കാണും. പ്രാദേശിക സഭയിലെ അംഗങ്ങൾക്കു അവരെ നേരത്തെ പരിചയപ്പെടുവാനും അവർ കർത്താവിന്റെ സഭയിലെ അംഗങ്ങൾ ആണോ എന്നറിയാനും അവസരം കിട്ടിയില്ലെങ്കിലോ ? കർത്തൃമേശ ശുശ്രൂഷ ചെയ്യുന്നവർ അവർക്കു ബോധ്യമുള്ളവർക്കു മാത്രം കൊടുക്കുകയും മററുള്ളവരെ ഒഴിവാക്കുകയും ചെയ്യാമോ ? അതോ അതിഥികൾക്കും അതിൽ നിന്നു പങ്കെടുക്കുവാനുള്ള അവസരം കൊടുക്കാമോ ?

ചിലർ വിചാരിക്കുന്നതു സഭയിലെ അംഗങ്ങൾക്കു മാത്രമേ കർത്തൃമേശ അനുവദനീയമായിട്ടുള്ളു എന്നാണ്. ഈ പരിശീലനത്തെ ''അടച്ച മേശ'' എന്നു വിളിക്കുന്നു. അതിന്റെ അർത്ഥം പുറത്തുള്ളവർക്കു കർത്തൃമേശ അടച്ചു വെച്ചിരിക്കുന്നു എന്നാണ്. സഭയിലെ അറിയാവുന്ന അംഗങ്ങൾക്കു മാത്രമാണ് അവർ മേശ അനുവദിക്കുന്നതു. പക്ഷെ ഈ അടച്ച മേശ എന്ന പരിശീലനത്തിൽ ചില സഭാ അംഗങ്ങൾക്കു, പ്രാദേശിക സഭയിലെ അംഗങ്ങൾക്കു അവരെ അറിഞ്ഞു കൂടാ എന്ന കാരണത്താൽ നിഷേധിക്കപ്പെടുന്നു.

കർത്തൃമേശ, കർത്താവിന്റെ സഭയിലെ അംഗങ്ങൾക്കുള്ളതാണ് എന്നതിൽ തർക്കമില്ല. അതു സത്യവുമാണ്. പക്ഷെ ക്രിസ്ത്യാനികളാകാത്തവർ ആരെങ്കിലും അതിൽ നിന്നു ഭക്ഷിച്ചാലോ ? ആ ചോദ്യത്തിനു ഉത്തരം നല്കുവാൻ മറെറാരു ചോദ്യം ചോദിക്കാം. കർത്തൃമേശ എടുക്കാൻ ആരാണ് യോഗ്യർ എന്നു വിധി നിർണ്ണയിക്കുവാൻ മനുഷ്യർക്കു ആരാണ് അധികാരം കൊടുത്തത് ? തീർച്ച ഒരാൾ കർത്താവിന്റെ സഭയിൽ അംഗമായി തീർന്നില്ലെങ്കിൽ, ഒരംഗം അവിശ്വസ്തനായി തീർന്നാൽ അയാൾ മേശയിൽ നിന്നു പങ്കെടുക്കാൻ പാടില്ല എന്നു നമുക്കറിയാം. എന്നാൽ ഒരാൾക്കു കൊടുക്കരുത് പാടില്ല എന്നു തീരുമാനിക്കാൻ നമുക്കു എന്താണവകാശം ? ക്രിസ്ത്യാനികളായി

തീർന്നവർ എന്നു നമുക്കറിയാവുന്നവരുടെ ഹൃദയ വിചാരങ്ങൾ നമുക്കറിഞ്ഞുകൂടാ. ഒരു പക്ഷെ നമ്മുടെ അറിവിൽ പെടാത്ത പാപത്തിനു ചിലർ ഇരയായിട്ടു മേശയിൽ നിന്നു പങ്കെടുക്കുന്നവർ കണ്ടേക്കാം. കടം കൊടുത്തു തീർക്കാത്തവർ കാണും; പാപസ്വഭാവം വെച്ചു പുലർത്തുന്നവർ, കുടുംബത്തെ കലക്കിയവർ കാണും. നമുക്കറിവില്ലാത്ത പല തെററുകളും ചെയ്തിട്ടു മേശയിൽ നിന്നു പങ്കെടുക്കുന്നവർ ഉണ്ടാകാം. മററൊരാളുടെ ഹൃദയത്തെ അറിയാവുന്ന ഒരു മനുഷ്യനും ഇല്ല. അതുകൊണ്ടു മററുള്ളവരെ വിധിക്കാനും കഴിയുകയില്ല.

മുകളിൽ ചോദിച്ച ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുന്നതിനായി അപ്പൊസ്തലനായ പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക. "അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുററക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്‌വാൻ. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു'' (1കൊരിന്ത്യർ 11:27-29). നാം കേൾക്കുന്നതു ഒരു വിശാലമായ നിയമം രൂപപ്പെടുത്തി സംസാരിക്കുന്നതാണ്. പക്ഷെ തിരുവെഴുത്തു പറയുന്നതു വ്യക്തികളെ നാം പരിശോധിക്കണമെന്നല്ല; മറിച്ചു വ്യക്തികൾ അവനവനെ തന്നെ ശോധന ചെയ്യണം എന്നാണ്. തിരുവെഴുത്തു പഠിപ്പിക്കുന്നതനുസരിച്ചാണോ അവർ ജീവിക്കുന്നതു എന്നു പരിശോധിക്കണം. നമ്മുടെ ജോലി അതെങ്ങനെ എടുക്കണമെന്നു തിരുവെഴുത്തു പഠിപ്പിക്കുക എന്നതാണ്. പിന്നീട് അതെടുക്കുന്ന വ്യക്തിയാണ് പരിശോധിച്ച് എടുക്കേണ്ടതു. നാം ആരെയെങ്കിലും പങ്കെടുക്കുന്നതിൽ നിന്നു മാററി നിർത്തിയാൽ അതവർക്കു വേദന

യുണ്ടാക്കും. പിന്നെ അവരെ പഠിപ്പിച്ചെടുക്കാൻ കിട്ടി എന്നു വരികയില്ല. അംഗമാകാത്ത ആളോ, അവിശ്വസ്തരായി തീർന്നവരോ എടുക്കുന്നു എങ്കിൽ അവരെ തുടർന്നു പഠിപ്പിക്കണം. ക്രമേണ അവർ തെററു മനസിലാക്കി തിരുത്തും.

അവിശ്വസ്തനായി ജീവിക്കുന്ന ഒരാറം കർത്തൃമേശയിൽ നിന്നു പങ്കെടുത്താൽ നമുക്കു ഒരു ഉത്തരവാദിത്വമുണ്ട്. നാം ആ വ്യക്തിയുടെ അടുക്കൽ ചെന്നു സ്നേഹത്തോടെ ആ വ്യക്തിയുടെ തെററു തിരുത്തുവാൻ പ്രോത്സാഹിപ്പിക്കുക. വിശ്വസ്തനായി തീർന്നു യോഗ്യമായി കർത്തൃമേശ സ്വീകരിക്കേണ്ടതിന് വചനത്താൽ പ്രബോധിപ്പിക്കുക. അതുപോലെ സുവിശേഷം അനുസരിക്കാത്ത, സഭാംഗമല്ലാത്ത ഒരാറം മേശയിൽ നിന്നു ഭക്ഷിക്കുന്നതു കണ്ടാൽ അയാളെ വചനം പഠിപ്പിച്ചെടുക്കണം. കർത്തൃമേശയുടെ ഉദ്ദേശവും പ്രാധാന്യവും സത്യസന്ധമായി പരിശോധിച്ച് എടുക്കേണ്ടതിനെ കുറിച്ചും അയാളെ പ്രബോധിപ്പിച്ചെടുക്കണം.

തിരുവെഴുത്തിൽ "അവനവൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം" എന്നു പൗലൊസ് പറഞ്ഞിരിക്കുന്നതു മേശയിൽ ശുശ്രൂഷ ചെയ്യുന്നവരെയും കൂടെ സൂചിപ്പിച്ചു കൊണ്ടാണ് എന്നതിൽ രണ്ടു പക്ഷമില്ല. വിശ്വസ്തരെന്നു പറയപ്പെടുന്നവരും ശോധന ചെയ്യണം. നമ്മുടെ ഹൃദയങ്ങളിൽ നടക്കുന്നതു മനുഷ്യർക്കു ആർക്കും അറിയാൻ സാദ്ധ്യമല്ല. സത്യസന്ധമായ ശോധന നടത്തുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം. നമ്മുടെ തെററുകളും ശരികളും നമുക്കറിയാമല്ലൊ.

★

# "ഇതു നിങ്ങളുടെ നന്മക്കു"

**ക്ലെം തർമൻ**

ഞാൻ എല്ലായ്പോഴും വെറുത്തിരുന്ന ഒന്നായിരുന്നു ആവണക്കെണ്ണ. എന്നാൽ ഞാൻ കുട്ടിയായിരുന്നപ്പോൾ ഏതാണ്ടു എല്ലാ രോഗങ്ങൾക്കും പ്രതിവിധിയായി സ്വീകരിച്ചിരുന്ന എണ്ണ ഇതായിരുന്നു. ഞാൻ രോഗമുണ്ടെന്നു സമ്മതിക്കാൻ മടിച്ചിരുന്ന കാരണം അതായിരുന്നു. ആവണക്കെണ്ണ കഴിക്കാൻ എനിക്കിഷ്ടമല്ല. പക്ഷെ ഞാൻ രോഗിയായിരുന്നപ്പോൾ പപ്പയും മമ്മിയും അതു കഴിച്ചാലേ രോഗം മാറു എന്നു എന്നെ മനസിലാക്കാൻ പരമാവധി ശ്രമിച്ചിരുന്നു. അവർ എല്ലായ്പോഴും പറയാറുള്ളതു "ഇതു നിന്റെ നന്മക്കാണ്" എന്നത്രെ. എന്റെ നന്മക്കാണെങ്കിലും അതെനിക്കു വേണ്ട എന്ന അഭിപ്രായമാണ് എനിക്കുണ്ടായിരുന്നതു. രോഗം മാറണമെങ്കിൽ ആവണക്കെണ്ണ കഴിക്കണം എന്നറിയാമായിരുന്നിട്ടും ഞാൻ അതു കഴിച്ചില്ല.

ലോകത്തിൽ അധികം ആളുകളും അവരുടെ ജീവിതത്തിൽ ദൈവ വചനം സ്വീകരിച്ചിട്ടില്ല. നമ്മിൽ പലരും നമ്മുടേതായ ജീവിതക്രമം ഉണ്ടാക്കി എടുക്കുകയാണ്. പക്ഷെ ദൈവം നയിക്കുന്നതു പോലെ നാം ജീവിക്കണമെന്നാണ് അവന്റെ ആഗ്രഹം. വാസ്തവത്തിൽ ഇതാണ് നമ്മുടെ പ്രസ്താവ്യ ലക്ഷ്യം. "എല്ലാററിന്റേയും സാരം കേൾക്കുക. ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചു കൊൾക. ഇതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു" (സഭാപ്രസംഗി 12:13). നാം എന്തു ചെയ്യണമെന്നു നമ്മെ ഉപദേശിക്കുന്നതോ നാം തെററു ചെയ്യുമ്പോൾ അതു തെററാണെന്നു പറയുന്നതോ നമുക്കു ഇഷ്ടമല്ല. നമ്മുടെ തെററുകൾ ചൂണ്ടി കാണിക്കുന്നവരെ നാം എതിർക്കുക തന്നെ ചെയ്യും. എന്നാൽ ആത്മീയമായി വചനത്താലുള്ള തിരുത്തൽ നമ്മുടെ രക്ഷക്കു വേണ്ടിയുള്ള

താകുന്നു. നാം പാപം ചെയ്തു ആത്മീയ രോഗികൾ ആകുമ്പോൾ, നമുക്കു ആവശ്യമുള്ള പ്രതിവിധിക്കു ദൈവത്തിങ്കലേക്കു നോക്കണം. നമ്മുടെ നന്മക്കായിട്ടാണ് അതു ഒരുക്കിയിരിക്കുന്നതു.

തന്റെ വചനത്തിൽ ദൈവം മുന്നറിയിപ്പുകൾ നല്കിയിട്ടുള്ളതു നമ്മുടെ നന്മക്കാണ്. അവൻ നമ്മെ നോക്കിയിരിക്കുന്നു. "എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ബുദ്ധി ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉണ്ടാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു" (റോമർ 15:4). മറ്റെന്തിൽ നിന്നാണ് നമുക്കു പ്രത്യാശ ലഭിക്കുന്നതു? നിങ്ങൾ ബൈബിൾ വായിക്കുമ്പോൾ ഇതു ഓർമ്മിക്കുക: "ഇതു ദൃഷ്ടാന്തമായിട്ടു അവർക്കു സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കോ ബുദ്ധിയുപദേശത്തിന്നായി എഴുതിയിരിക്കുന്നു" (1 കൊരിന്ത്യർ 10:11). ദൈവ വചനം അറിയിക്കുമ്പോൾ അതു നമ്മുടെ നന്മക്കാണെന്നു ഓർമ്മിക്കുക. നിങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റം വരുത്തുവാൻ ആവശ്യപ്പെടുന്നു എന്ന കാരണത്താൽ തിരുവെഴുത്തുകളെ നിരാകരിക്കരുത്.

## ദൈവസത്യം എല്ലായ്പ്പോഴും നമ്മുടെ നന്മക്കാണ്.

മൃദുവും മധുരവുമായ വാക്കുകളും പകുതി സത്യങ്ങളും പ്രചരിപ്പിക്കുന്നതിനാൽ ആകർഷിക്കപ്പെടുകയാണ് അനവധി പേരും. ദൈവ വചനം അവരിൽ ചെലുത്തുന്ന ശക്തി അവർക്കു ഇടർച്ചയായി തീരുന്നു. ഒരു വിഷയത്തെ സംബന്ധിച്ച ദൈവത്തിന്റെ ആലോചനകൾ മുഴുവൻ സ്വീകരിക്കുന്നതിനേക്കാൾ ഒരു ഭാഗം മാത്രം സ്വീകരിക്കുന്നതാണ് അവർക്കു എളുപ്പം. യേശു പറഞ്ഞതു: സ

(ശേഷം 26-ാം പേജിൽ)

# നിങ്ങൾ ഇതു കേട്ടോ ?

## പീയേഴ്സ് ബ്രൗൺ

മറ്റുള്ള പാപങ്ങളെ പോലെ തന്നെ പരദൂഷണം അഥവാ കഥ പറഞ്ഞു നടക്കൽ സഭയിൽ ഇന്നു പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ആരംഭത്തിൽ തന്നെ ഇതു വിലക്കിയിരുന്നതായി ബൈബിളിൽ കാണാം. ‘‘നിന്റെ ജനത്തിന്റെ ഇടയിൽ ഏഷണി പറഞ്ഞു നടക്കരുത്; കൂട്ടുകാരന്റെ മരണത്തിന്നായി നിഷ്കർഷിക്കരുത്. ഞാൻ യഹോവയാകുന്നു (ലേവ്യാ പുസ്തകം 19:16). ഈ പൊതുവായ വിഷയത്തെ കുറിച്ചു വ്യത്യസ്തമായ അർത്ഥം നിലവിലുണ്ട്. അതു ചിലപ്പോൾ സത്യമായിരിക്കാം. അല്ലെങ്കിൽ അസത്യമായിരിക്കാം. ഒരു വ്യക്തിയുടെ സ്വഭാവത്തെ ബാധിക്കുന്ന രീതിയിൽ ഭാഗികമായി വാസ്തവവും ഭാഗികമായി അവാസ്തവവുമായ പ്രസ്താവനയെ ഏഷണി എന്നു നിർവ്വചിക്കാം. സത്യമല്ലെങ്കിൽ അതു വിവാദമായി തീരും. വെറും പരദൂഷണവും മനപ്പൂർവ്വം കെട്ടിച്ചമച്ച ഏഷണിയും വ്യത്യാസമുണ്ട്. എന്നാൽ ഇവ രണ്ടും ദോഷഫലമുളവാക്കും. അതുകൊണ്ടു രണ്ടും പാപമാണ്. മലിനകരമായ പരദൂഷണത്തിൽ ഏർപ്പെടുന്നവർ മറ്റൊരാളുടെ പ്രസിദ്ധിയെ വൃണപ്പെടുത്തുന്ന തോന്നൽ ഉണ്ടാക്കുകയാണ്. മോശമായ കാര്യങ്ങൾ കേൾക്കുവാനും പ്രചരിപ്പിക്കുവാനും ആഗ്രഹിക്കുന്നവരാണ് സാധാരണ ഏഷണിക്കാർ. ആരെയും പ്രത്യേകമായി ഉപദ്രവിക്കുന്ന രീതി പ്രകടമാക്കുകയുമില്ല.

ബൈബിളിൽ പല ഭാഗത്തും പ്രതിപാദിക്കയും വിലക്കുകയും ചെയ്തിരിക്കുന്ന ഈ വാക്കിനെ ഉപയോഗിച്ചിരിക്കുന്ന എബ്രായ പദവും ഗ്രീക്കു പദവും പരിശോധിച്ചാൽ കുറെ കൂടെ വ്യക്തത ലഭിക്കും. ‘‘രാകിയിൽ’’ എന്നതു തർജ്ജിമ ചെയ്തിരിക്കുന്നതു: അപവാദം; മനപൂർവ്വം ദുരാരോപണം ഉന്നയിക്കുക എന്നാണ്. ലേവ്യാ

പുസ്തകം 19-ാം അദ്ധ്യായത്തിൽ ദൈവം ആദ്യം അതിനെ വിലക്കിയിരുന്നു. ''ദീബാ'' എന്ന പ്രയോഗം തർജ്ജിമ ചെയ്തിരിക്കുന്നതു കുപ്രസിദ്ധി വരുത്തുക, മോശമായി സംസാരിക്കുക, പിറു പിറുത്തു ദുർവ്വർത്തമാനം പറയുക എന്നതാണ്. 'ബ്ലാസ്ഫെമിയോ' എന്ന പ്രയോഗത്തിന്റെ അർത്ഥം നീചത്വം ഉന്നയിക്കൽ, ദുർവ്വർത്തമാനം പറയൽ എന്നിവയാണ്. ''പെരിയർ ഗാസനോയി'' എന്നതിന്റെ അക്ഷരികമായ അർത്ഥം അന്യന്റെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുക എന്നതാണ്. ''ഫ്ളൂവറോസ്'' എന്ന പ്രയോഗത്തിനു വായാടിത്തം എന്നാണ് അർത്ഥം. പൌലൊസ് ഇവരെ കുറിച്ച് പറയുന്നതു: ''അത്രയുമല്ല, അവർ വീടു തോറും നടന്നു മിനക്കെടുവാനും ശീലിക്കും; മിനക്കെടുക മാത്രമല്ല, വായാടികളും പരകാര്യത്തിൽ ഇടപെടുന്നവരുമായി അരുതാത്തതു സംസാരിക്കും'' (1തിമൊഥെയൊസ് 5:13). ദൂഷണം എന്ന വാക്കു കൊണ്ടു ഉദ്ദേശിക്കുന്നതു ആ വ്യക്തി മറെറാരാളുടെ മേൽ ചെലുത്തുന്ന ആരോപണമാണ്.

ദൂഷണത്തെ സംബന്ധിച്ചു അപ്പൊസ്തലനായ പൌലോസ് റോമർക്കു എഴുതുന്നതു ''നല്ലതു വരേണ്ടതിന്നു തീയതു ചെയ്ക എന്നു പറയരുതോ ? ഞങ്ങൾ അങ്ങനെ പറയുന്നു എന്നു ചിലർ ഞങ്ങളെ ദൂഷിച്ചു പറയുന്നുവല്ലൊ. ഇവർക്കു വരുന്ന ശിക്ഷാവിധി നീതിയുള്ളതു തന്നെ'' (റോമർ 3:8). ഒരാൾ മറെറാരാൾക്കു എതിരെ ചെയ്യുന്ന ഈ ദുഷ്പ്രവൃത്തിക്കു ദൈവം നീതി പൂർവ്വമായ വിധിയാണ് നടത്തുന്നത്. ''എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസാര വാക്കിന്നും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും'' (മത്തായി 12:36).

നമ്മുടെ ഹൃദയം നിറഞ്ഞു കവിയുന്നതാണ് നാം സംസാരിക്കുന്നതു. ഈ വിഷയത്തെ നമുക്കു മൂന്നു തലക്കെട്ടുകളായി തരം തിരിക്കാം. കരണങ്ങൾ, ശാപങ്ങൾ, ശമ

നം എന്നിവയാണവ. വാസ്തവത്തിൽ അനേക കാരണങ്ങൾ ഇതിന്നു കാണാം. അവയിൽ ഏതാനും ചിലതു നമുക്കു പരിഗണിക്കാം. ധാരാളം ശാപങ്ങൾ അതുകൊണ്ടുണ്ടാകുന്നുണ്ട്. അവയിൽ ചിലതു മാത്രമേ നാം ഇവിടെ എടുക്കുന്നുള്ളു. ഒന്നിലധികം ശമന രീതികളും ഉണ്ടാകാം. എന്നാൽ ഫലപ്രദമായ ഒരു ശമനത്തെയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## പരദൂഷണത്തിന്റെ കാരണങ്ങൾ

എന്തൊക്കെയാണ് പരദൂഷണത്തിന്റെ കാരണങ്ങൾ ? ഒരാൾ ഏഷണി പറയുന്നുവെങ്കിൽ അയാൾക്കു ഒരു ദുഷ്ട ഹൃദയം ഉണ്ടാകും. അതിൽ നിന്നാണ് മോശമായ സംസാരം പുറത്തു വരുന്നതു. ലൂക്കൊസ് 6:45-ൽ കർത്താവു പറഞ്ഞതു : "നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു ; ദുഷ്ട മനുഷ്യൻ ദോഷമായതിൽ നിന്നു ദോഷം പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലൊ വായി പ്രസ്താവിക്കുന്നതു" (ലൂക്കൊസ് 6:45). മററാരാൾക്കു ദോഷം സംഭവിക്കണമെന്ന ആഗ്രഹത്താലാണ് അയാൾ ദൂഷണം പറയുന്നതു. അതു ആരെ കുറിച്ച് പറയുന്നുവോ അയാളുടെ സൽപേരിന്നു കളങ്കം വരുത്തുകയാണ് ചെയ്യുന്നതു. ദുഷ്ടരായ മനുഷ്യർ ഇതുപോലെയുള്ള കാര്യങ്ങളിൽ മുഴുകി ജീവിക്കുകയാണ്. സൽപ്രവൃത്തികൾ ചെയ്യുവാനോ നല്ലതു കാണുവാനോ അവർക്കു കഴിയുന്നില്ല എന്നു സാരം.

സങ്കീർത്തനങ്ങളിൽ ചോദിക്കുന്നതു: വീരാ നീ ദുഷ്ടതയിൽ പ്രശംസിക്കുന്നതെന്തു ? ദൈവത്തിന്റെ ദയ നിരന്തരമാകുന്നു. ചതിവു ചെയ്യുന്നവനെ മൂർച്ചയുള്ള ക്ഷൗരക്കത്തി പോലെ നിന്റെ നാവു ദുഷ്ടത വകഞ്ഞുണ്ടാക്കുന്നു. നീ നന്മയെക്കാൾ തിന്മയെയും നീതിയെ സംസാരിക്കുന്ന

തിനേക്കാൾ വ്യാജത്തെയും ഇഷ്ടപ്പെടുന്നു. നീ വഞ്ചനാവും നാശകരമായ വാക്കുകളെയും ഇഷ്ടപ്പെടുന്നു. ദൈവം നിന്നെയും എന്നേക്കും നശിപ്പിക്കും; നിന്റെ കൂടാരത്തിൽ നിന്നു അവൻ നിന്നെ പറിച്ചു കളയും. ജീവനുള്ളവരുടെ ദേശത്തു നിന്നു നിന്നെ നിർമ്മൂലമാക്കും'' (സങ്കീർത്തനങ്ങൾ 52:1-4).

ചിലപ്പോൾ അസൂയയോ വെറുപ്പോ കൊണ്ട് ഇതുണ്ടാകുന്നുണ്ട്. ദാവീദ് പറയുന്നതു: ''അവർ ദോഷ വാക്കുകൾ കൊണ്ടു എന്നെ വളഞ്ഞു. കാരണം കൂടാതെ എന്നോടു പൊരുതിയിരിക്കുന്നു'' (സങ്കീർത്തനങ്ങൾ 109:3). സ്നേഹിക്കുന്നവരോടു തങ്ങളുടെ സ്വാർത്ഥത മൂലം വൈരം തീർക്കുന്നതു ഏഷണിയിലൂടെയാണ്. ചിലപ്പോൾ അയാൾക്കു ഒരു ജോലിയും കാണുകയില്ല. അവർ ഈ തൊഴിലാണ് പകരം സ്വീകരിക്കുന്നതു. വീട്ടിലെ ജോലികൾ പോലും ചെയ്യാത്ത മടിയന്മാരായവരുടെ പണിയാണ് ഏഷണി. ഒന്നും ചെയ്യാനില്ലാത്ത ചിലർ മോഷണം തൊഴിലാക്കും. മററു ചിലർ മററുള്ളവരുടെ കാര്യങ്ങളിൽ ആവശ്യമില്ലാതെ തലയിടും. അവർ ഈ ദുശീലങ്ങൾ പ്രായോഗികമാക്കുമ്പോൾ അതിന്റെ ഫലത്തെ കുറിച്ച് ചിന്തിക്കുന്നില്ല.

## ഏഷണിയുടെ ശാപങ്ങൾ

ഇത്തരം പ്രവൃത്തിയുടെ ശാപം അല്ലെങ്കിൽ അനന്തരഫലം എന്താണ് ? ശലോമോൻ ഇങ്ങനെ ചെയ്യുന്നതിന്റെ ഫലത്തെ കുറിച്ചു പറയുന്നുണ്ട്. ''പക മറെച്ചു വെക്കുന്നവൻ പൊളിവായൻ; ഏഷണി പറയുന്നവൻ മോഷൻ. വാക്കു പെരുകിയാൽ ലംഘനം ഉണ്ടാകാതിരിക്കയില്ല. അധരങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ'' (സദൃശവാക്യങ്ങൾ 10:18-19). ''വക്രതയുള്ള മനുഷ്യൻ വഴക്കുണ്ടാക്കുന്നു;

(ശേഷം 19-ാം പേജിൽ)

# വാർത്തകൾ

## ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ

തിരുവനന്തപുരത്തും കൊച്ചിയിലും വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ ഭൂമിക്കടിയിൽ കേബിൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികൾ വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് കേന്ദ്ര ഊർജമന്ത്രി പി. എം. സഈദിനു സമർപ്പിച്ചു.

തിരുവനന്തപുരത്തിനു 163 കോടി, കൊച്ചിക്ക് 200 കോടി രൂപയുടെ പദ്ധതികളാണു സമർപ്പിച്ചത്. തലസ്ഥാന നഗരത്തിനുള്ള പ്രത്യേക പദ്ധതിയാണു തിരുവനന്തപുരം പദ്ധതി പരിഗണിക്കുക.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, പ്രത്യേക സാമ്പത്തിക മേഖല, എൽ. എൻ. ജി. ടെർമിനൽ പദ്ധതികളുടെ പശ്ചാത്തലത്തിൽ പ്രത്യേക പരിഗണന ആവശ്യപ്പെട്ടാണു കൊച്ചി പദ്ധതി സമർപ്പിച്ചത്. പദ്ധതികൾ അനുഭാവപൂർവം പരിഗണിക്കുമെന്നു പി. എം. സഈദ് ഉറപ്പു നൽകിയതായി ആര്യാടൻ മുഹമ്മദ് അറിയിച്ചു.

ഗ്രാമീണ വൈദ്യുതീകരണ കോർപറേഷന്റെ പദ്ധതിയിൽ കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തു മലയോര, തീരപ്രദേശ, പട്ടികജാതി-വർഗ പ്രദേശങ്ങളെ ഉൾപ്പെടുത്താൻ ആര്യാടൻ മുഹമ്മദ് കേന്ദ്രമന്ത്രിയോട് അഭ്യർത്ഥിച്ചു. വൈദ്യുതിയെത്താത്ത ഗ്രാമങ്ങളെയാണു പദ്ധതിയിൽ പരിഗണിക്കുന്നതെങ്കിലും കേരളത്തിൽ 3000 ജനസംഖ്യയുള്ള ചെറിയ പ്രദേശങ്ങളെ ഗ്രാമങ്ങളായി പരിഗണിച്ചു.

# ആനകൾക്കും ഇനി അനാഥാലയം

വൃദ്ധരായ ആനകൾക്കായി സംസ്ഥാനത്ത് അനാഥാലയം വരുന്നു. പ്രോജക്ട് എലിഫൻറ് പദ്ധതിയുടെ ഭാഗമായിട്ടാണ് എൻ. ജി. ഒ കളുടെ സഹായത്തോടെ ആനകളുടെ അനാഥാലയം സ്ഥാപിക്കാൻ വനം വകുപ്പ് ആലോചിക്കുന്നത്.

കേരളത്തിൽ പര്യടനം നടത്തിയ പ്രോജക്ട് എലിഫൻറ് ഡയറക്ടറും സീനിയർ ഐ. എഫ്. എസ്. ഉദ്യോഗസ്ഥനുമായ എസ്. എസ്. ബിസ്തുമായി വനം വകുപ്പ് അധികൃതർ ഇക്കാര്യത്തിൽ പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്. പദ്ധതിക്കു പൊതുസമ്മതം കൊണ്ടു വരുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുമെന്ന് വൈൽഡ് ലൈഫ് ചീഫ് കൺസർവേറ്റർ ഡോ. ബി. എസ്. കോറി പറഞ്ഞു.

ദേവസ്വം വകുപ്പിൻെറയും വ്യക്തികളുടെയും ഉടമസ്ഥതയിൽ സംസ്ഥാനത്ത് എണ്ണൂറോളം ആനകളുണ്ടെന്നാണു കണക്ക്. പ്രായംകൊണ്ടും രോഗം കൊണ്ടും തളർന്ന ആനകൾക്ക് വേണ്ടത്ര ശുശ്രൂഷ ലഭിക്കുന്നില്ല എന്ന പരാതി വർഷങ്ങളായി മൃഗ സ്നേഹികൾ ഉന്നയിക്കുന്നുണ്ട്. സാമ്പത്തിക ബാധ്യത കാരണം പലരും ആനകളെ വിഷം കൊടുത്തു കൊല്ലുന്നുവെന്ന ആരോപണവും ഉയർന്നിരുന്നു.

ആനകളുടെ ക്ഷേമത്തിനായി വർഷങ്ങൾക്കു മുൻപ് ആരംഭിച്ച പ്രോജക്ട് എലിഫൻറ് പദ്ധതി ഊർജിതമാക്കാൻ വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് ഈ മാസം നാലിന് ആനകളുടെ ദിനം വനം വകുപ്പ് ആചരിച്ചിരുന്നു.

# കടലോരത്ത് ' തുരുമ്പെടുക്കും ' പാർക്ക്

തിരുവനന്തപുരത്തെ ജനകീയ ബീച്ചാണ് ശംഖുമുഖം. ഏകദേശം മൂന്നു കിലോമീററർ നീളത്തിലുള്ള മനോഹര കടലോരം. കേരളത്തിൽ തന്നെ ഇത്രയും തിരക്കുള്ള മററൊരു കടലോരമുണ്ടോയെന്നു സംശയമാണ്.

ഞായറാഴ്ചയും മററ് അവധി ദിവസങ്ങളിലും വൈകുന്നേരം ഉൽസവപ്പറമ്പിലെ ജനമാണിവിടെ. കുട്ടികളുമൊക്കെയായി എത്തുന്ന കുടുംബങ്ങളാണ് കൂടുതലും. മററു ദിവസങ്ങളിലും സാമാന്യം തിരക്കുണ്ടാകും. കടലോരത്ത് പടിക്കെട്ടു നിർമിക്കുകയും രാത്രിയിൽ വിളക്കുകൾ തെളിയിക്കുകയും ചെയ്തതോടെ ശംഖുമുഖത്തെ തിരക്ക് രാത്രി വൈകുവോളം നീണ്ടു.

കച്ചവടക്കാരുടെ പറുദീസയായി മാറാവുന്ന ഈ സ്ഥലത്തെ ഏററവും കണ്ണായ രണ്ടു സ്ഥലങ്ങൾ ഡി. ടി. പി. സിയുടെ കൈവശമാണ്. ഭാവനയും ആത്മാർഥതയുമുള്ള ഒരു ഉദ്യോഗസ്ഥൻ മുൻകയ്യെടുത്താൽ ഡി. ടി. പി. സിക്കു ലക്ഷങ്ങൾ വരുമാനമുണ്ടാക്കാം.

എന്നാൽ കടലോരത്തിനു നേരെ എതിർഭാഗത്ത് സ്ററാർ ഫിഷ് പാർക്ക് സ്വകാര്യ വ്യക്തിക്കു വാടകയ്ക്കു നൽകിയിരിക്കുകയാണ്. ഏതാനും കളിക്കോപ്പുകൾ മാത്രമാണ് ഇവിടെയുള്ളത്. ഓരോ കളിക്കോപ്പിനും പ്രത്യേക ടിക്കററ് നിരക്കാണ്. കടലിനു നേരെ എതിർ ഭാഗത്തായതിനാൽ ശംഖുമുഖത്തു വരുന്ന മിക്കവരും കുട്ടികളുമായി പാർക്കിലും കയറും. അതായത് പ്രത്യേക പ്രചാരണമോ പ്രയത്നമോ കൂടാതെ ജനം കയറുന്ന പാർക്കാണ് സ്വകാര്യ വ്യക്തിക്കു പാട്ടത്തിനു നൽകിയിരിക്കുന്നത്.

# ദുബായിലെ ഷോപ്പിങ്ങ് കേന്ദ്രങ്ങളിൽ പുകവലി നിരോധനം

ഷോപ്പിങ്ങ് മാളുകളിലെ പുകവലി നിരോധനം വെള്ളിയാഴ്ച നിലവിൽ വരും. റസ്റ്ററൻറ്, കോഫി ഷോപ്പ് തുടങ്ങിയ സ്ഥലങ്ങളിൽ നിരോധനം നടപ്പാകുന്നു എന്നുറപ്പാക്കാൻ പ്രത്യേക സ്ക്വാഡുകൾക്കും രൂപം നൽകി. ദുബായ് മുനിസിപ്പാലിററിയാണ് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ പരിശോധനാ സംഘത്തിനു രൂപം നൽകിയത്.

നിരോധനം നടപ്പാക്കാൻ ഷോപ്പിങ്ങ് മാളുകൾ പൂർണ്ണ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് മുനിസിപ്പാലിററി അറിയിച്ചു. തുടക്കത്തിൽ പുകവലിക്കാർക്കായി പ്രത്യേക മേഖലകൾ ഏർപ്പെടുത്തും. മുനിസിപ്പാലിററി ഉത്തരവ് പ്രകാരമുള്ള പൂർണ്ണ നിരോധനം പിന്നാലെ നിലവിൽ വരും.

പുകവലി നിരോധനം ദുബായിൽ പുതിയ സംഭവമല്ലെന്ന് മുനിസിപ്പാലിററിയുടെ പരിസ്ഥിതി, പൊതുജനാരോഗ്യ അസിസ്റ്റൻറ് ഡയറക്ടർ ജനറൽ അബ്ദുല്ല റാഫ്യൂ അഭിപ്രായപ്പെട്ടു. വിനോദ കേന്ദ്രങ്ങളിൽ ഇപ്പോൾ തന്നെ നിരോധനം നിലവിലുണ്ട്. പൊതു സ്ഥലങ്ങളിൽ പുകവലി നിരോധിക്കാൻ മുനിസിപ്പാലിററി എടുത്തുവരുന്ന നടപടികളുടെ ഭാഗമാണിത്.

നിരോധനത്തോടൊപ്പം വൻ തോതിലുള്ള ബോധവൽക്കരണവും നടത്തുന്നു. അറബി, ഇംഗ്ലീഷ് ഭാഷകളിൽ പരസ്യം, 5000 സ്റ്റിക്കറുകൾ തുടങ്ങിയവയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പൊതുജനാരോഗ്യം സംരക്ഷിക്കാൻ പൊതു സ്ഥലങ്ങളിൽ പുകവലി നിരോധിക്കാൻ മുനിസിപ്പാലിററിക്ക് അധികാരമുണ്ട്.

★

ഏഷണിക്കാരൻ മിത്രങ്ങളെ ഭേദിപ്പിക്കുന്നു'' (സദൃശവാക്യങ്ങൾ 10:28). മറ്റൊരാളെ കുറിച്ചു കേൾക്കുന്ന അസത്യ പ്രസ്താവനകൾ ആരെങ്കിലും കേട്ടു വിശ്വസിച്ചാൽ മിത്രമാണെങ്കിൽ തീർച്ചയായും അയാൾ അകന്നു പോകും.

വാക്കുകൾ കത്തി പോലെ മുറിപ്പെടുത്തുന്നതാണ്. ''ഏഷണിക്കാരന്റെ വാക്കു സ്വാദുഭോജനം പോലെയിരിക്കുന്നു. അതു വയറ്റിന്റെ അറകളിലേക്കു ചെല്ലുന്നു'' (സദൃശവാക്യങ്ങൾ 18:8). 'വിറകു ഇല്ലാഞ്ഞാൽ തീ കെട്ടു പോകും; നുണയൻ ഇല്ലാഞ്ഞാൽ വഴക്കും ഇല്ലാതാകും'' (സദൃശവാക്യങ്ങൾ 26:20). ദൈവം വെറുക്കുന്ന ഒന്നാണ് വഴക്ക്. ഏഷണി സഹോദരങ്ങൾക്കിടയിലും മിത്രങ്ങൾക്കിടയിലും വഴക്കുണ്ടാക്കും (സദൃശവാക്യങ്ങൾ 6:19). സഭയിൽ ഭിന്നിപ്പുണ്ടാക്കും; കുടുംബത്തിൽ ഭിന്നിപ്പുണ്ടാക്കും. രാജ്യത്തിൽ ഭിന്നിപ്പുണ്ടാക്കും. എന്തിനേറെ ഇതു മൂലം കുലപാതകം വരെ ഉണ്ടായിട്ടുണ്ട്. ഇത്തരം നാശകരമായ ദൂഷണത്തിൽ ഏർപ്പെടുന്നവർക്കു നിത്യനാശമാണ് ദൈവം വെച്ചിരിക്കുന്നതു.

പഴയ നിയമത്തിൽ ദൈവം കല്പിച്ചിരിക്കുന്നതു: ''ന്യായാധിപന്മാർ നല്ലവണ്ണം വിസ്താരം കഴിക്കണം; സാക്ഷി കള്ള സാക്ഷി എന്നും സഹോദരന്റെ നേരെ കള്ള സാക്ഷ്യം പറഞ്ഞു എന്നും കണ്ടാൽ അവൻ സഹോദരന്നു വരുത്തുവാൻ നിരൂപിച്ചതു പോലെ നിങ്ങൾ അവനോടു ചെയ്യേണം. ഇങ്ങനെ നിങ്ങളുടെ ഇടയിൽ നിന്നു ദോഷം നീക്കി കളയേണം'' (ആവർത്തന പുസ്തകം 19:18-19). ''ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിന്നു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ നികൃഷ്ട ബുദ്ധിയിൽ ഏല്പിച്ചു. അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബുദ്ധിയും നിറഞ്ഞവർ, അസൂയ, കുല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ. കുരളക്കാർ, ഏഷണിക്കാർ,

ദൈവ ദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മ പ്രശംസക്കാർ, പുതു ദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കളെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമ ലംഘികൾ, വാത്സല്യമില്ലാത്തവർ. കനിവററവർ, ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രശംസിക്കയും ചെയ്യുന്നു'' (റോമർ 1:28-38).

### ശമനം

ശമനം വരുത്തുവാൻ എന്തു ചെയ്യണം ? ഈ പാപത്തിനും മററു പാപങ്ങൾക്കെന്ന പോലെ ശമനം ഉണ്ട്. ദൈവത്തോടു അടുത്താൽ ദൈവ നിബന്ധനയനുസരിച്ചു അവൻ അതു ക്ഷമിക്കും. (യെശയ്യാവ് 1:18-19). മാനസാന്തരപ്പെടണം. തെററു തിരുത്തി ജീവിക്കാൻ തയ്യാറായാൽ ദൈവം അതു കണക്കിലെടുക്കും. വചനം കേൾക്കയും അതനുസരിച്ചു പ്രവർത്തിക്കയും ചെയ്യണം (യാക്കോബ് 1:24). ശക്തിയുള്ള വചനത്തിന്നു നമ്മെ രൂപാന്തരപ്പെടുത്താൻ കഴിയും. ഹൃദയ മാലിന്യങ്ങളെ മാററി കളഞ്ഞു വചനത്തെ ഹൃദയത്തിൽ നിക്ഷേപിക്കുക. അതു മാത്രമാണ് പ്രതിവിധി നിങ്ങൾക്കും എനിക്കും ഇതല്ലാതെ മററൊരു ചികിത്സ ഇതിനില്ല.

★

# മാനുഷ കൈകളാൽ ദൈവം ഇന്നു സൗഖ്യം വരുത്തുന്നുവോ?

അലെക്സ്. ബി.

ചിലർ വിശ്വസിക്കുന്നതു ദൈവം ഇന്നും മനുഷ്യരുടെ കൈകളാൽ രോഗശാന്തിയും അത്ഭുതവും പ്രവർത്തിക്കുന്നുണ്ട് എന്നാണ്. അനേകർ ഈ അവകാശം ഉന്നയിക്ക

യും ചെയ്യുന്നുണ്ട്. ചെറിയ തെളിവുകൾ അഥവാ ഭാഗികമായ തെളിവുകൾ അവർ അതിനായി നിരത്തുന്നുമുണ്ട്. എന്നാൽ ബൈബിൾ രേഖപ്പെടുത്തുന്നതു അത്ഭുത വരങ്ങൾ ഒരു പ്രത്യേക കാലത്തേക്കു മാത്രം ഉള്ളതായിട്ടാണ്.

ഒരു പ്രത്യേക സമയത്തേക്കു പ്രത്യേക ഉദ്ദേശത്തോടെ നിയോഗിക്കപ്പെട്ടവരായിരുന്നു അപ്പൊസ്തലന്മാർ. അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിലാണ് ദൈവ ഭവനം പണിതുയർത്തിയത്. തീർച്ചയായും യേശു ക്രിസ്തു തന്നെയാണ് സഭയുടെ അടിസ്ഥാനം. മററാരാൾക്കു വേറൊരു അടിസ്ഥാനമിടുവാൻ കഴിയില്ല എന്നു അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്കു എഴുതുമ്പോൾ പറയുന്നുണ്ട് (1കൊരിന്ത്യർ 3:9-11). അടിസ്ഥാനം ഇട്ടു കഴിഞ്ഞതിനാൽ മററൊന്നു ഇടേണ്ട ആവശ്യമില്ല (1കൊരിന്ത്യർ 3:10). അതിൻെറ അർത്ഥം എന്താണ്? അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും കാലം കഴിഞ്ഞു.

അപ്പൊസ്തലന്മാരും അവരുടെ കൈ വയ്പ് ലഭിച്ചവരും ചെയ്ത അത്ഭുതങ്ങൾ വിശേഷതയുള്ളതായിരുന്നു. സാധാരണ ക്രിസ്ത്യാനികൾക്കു അത്ഭുതങ്ങൾ ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്കു എഴുതിയതു: ഒരുവന്നു രോഗശാന്തിയുടെ വരം, വേറൊരുത്തന്നു വീര്യ പ്രവൃത്തികൾ, മറെറാരുത്തന്നു ആത്മാക്കളുടെ വിവേചനം. വേറൊരുത്തന്നു പ്രവചനം, വേറൊരുത്തന്നു പല വിധ ഭാഷകൾ എന്നു തുടങ്ങിയ വരങ്ങൾ എല്ലാം പ്രവർത്തിച്ചിരുന്നതു ഒരേ ആത്മാവ് തന്നെയാണ്.

അപ്പൊസ്തലന്മാർക്കു ഈ വരങ്ങൾ പകർന്നു മററുള്ളവർക്കു കൊടുക്കുവാനുള്ള അധികാരം കൊടുത്തിരുന്നു.

അവർ കൈ വെക്കുന്നവർക്കു അത്ഭുത വരങ്ങൾ ലഭിച്ചിരുന്നു. മേശയിൽ ശുശ്രൂഷ ചെയ്‌വാൻ തിരഞ്ഞെടുത്ത ഫിലിപ്പൊസിനു ഈ വരങ്ങൾ ലഭിച്ചിരുന്നു. എന്നാൽ അപ്പൊസ്തലൻമാരുടെ കാലശേഷം ഇതു നിന്നു പോയി. ദൈവ വചനം ഉറപ്പിക്കുക എന്ന ഉദ്ദേശമായിരുന്നു ഈ വീര്യ പ്രവർത്തികളുടെയും അത്ഭുത രോഗശാന്തിയുടെയും (മർക്കൊസ് 16:20). വചനം ഉറപ്പിക്കയും പൂർത്തീകരിക്കയും ചെയ്തു കഴിഞ്ഞു. ഇപ്പോൾ നമുക്കു ആവശ്യമുള്ളതെല്ലാം വചനത്തിൽ ഉണ്ട് (2പത്രൊസ് 1:3). ദൈവം എന്തിനു വേണ്ടി ഒരു പ്രവൃത്തി ചെയ്യുന്നു എന്നു നാം മനസിലാക്കണം. അതിന്റെ ഉദ്ദേശവും സമയ പരിധിയും ഗ്രഹിക്കണം. തെററിദ്ധാരണ പല കാരണങ്ങളാലുണ്ടാകുന്നു. പരിഹരിക്കാൻ വചന പരിജ്ഞാനമാണ് വേണ്ടത് (മർക്കൊസ് 12:24). ആരും നമ്മെ തെററിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. ദൈവത്തിനു ഇന്നും അത്ഭുതങ്ങൾ ചെയ്യാൻ കഴിയും. പക്ഷെ ഉദ്ദേശമില്ലാതെ ദൈവം ഒന്നും പ്രവർത്തിക്കയില്ല. ഇന്നു മനുഷ്യർക്കു വിശ്വാസം വരേണ്ടതു അത്ഭുതങ്ങൾ കണ്ടല്ല; മറിച്ച് വചനം കേട്ടിട്ടാണ് (റോമർ 10:17).

അത്ഭുതങ്ങളും രോഗശാന്തിയും മനുഷ്യർ ഇഷ്ടപ്പെടുന്നവയാണ്. എവിടെയെങ്കിലും വല്ല പുതുമയും നടന്നു എന്നു കേട്ടാൽ അവിടേക്കു ജനങ്ങൾ പ്രവഹിക്കും. അതു മുതലെടുക്കുന്ന മതാദ്ധ്യക്ഷൻമാരുണ്ട്. അതു ദൈവ സന്നിധിയിൽ കുററകരമാണ്. ഇന്നു നമുക്കാവശ്യം ശാരീരിക സൗഖ്യത്തേക്കാൾ ആത്മാവിന്റെ സൗഖ്യമാണ്. ആത്മാവാണ് ശരീരത്തെക്കാൾ മുഖ്യമായി കരുതേണ്ടതു (മത്തായി 16:26). നാം സന്തോഷിക്കേണ്ടതു സ്വർഗ്ഗത്തിൽ നമ്മുടെ പേർ എഴുതുമ്പോഴത്രെ.

★

# മൂപ്പന്മാരും ശുശ്രൂഷകന്മാരും

**W. A. ഹോളെ**

നന്മ നേടിയെടുക്കുവാൻ കൂട്ടമായി പ്രവർത്തിക്കുന്ന എല്ലാം കൂട്ടം ജനങ്ങൾക്കും അദ്ധ്യക്ഷന്മാർ ഉണ്ടായിരിക്കണം. ഒരു സ്കൂളിന്നു പ്രിൻസിപ്പലോ ഹെഡ്മാസ്റ്ററോ ഇല്ലെങ്കിൽ, ഒരു രാജ്യത്തിന്നു പ്രസിഡന്റ് ഇല്ലെങ്കിൽ, ഒരു സൈന്യത്തിനു കമാൻഡർ ഇല്ലെങ്കിൽ, പ്രാദേശിക സഭയ്ക്കു നേതൃത്വമില്ലെങ്കിൽ വിലപ്പെട്ട ഒരു നേട്ടവും കൈവരിക്കാൻ സാദ്ധ്യമല്ല.

പുതിയ നിയമം വളരെ വ്യക്തമായി മൂപ്പന്മാരുടെയും ശുശ്രൂഷകന്മാരുടെയും യോഗ്യതകൾ നല്കിയിട്ടുണ്ട്. നമ്മുടെ വായനക്കാർ ദയവായി സമയം എടുത്തു 1തിമൊഥെയൊസ് 3:1-13; തീത്തൊസ് 1:5-11; 1പത്രൊസ് 5:1-4 എന്നീ വേദ വാക്യങ്ങൾ വായിക്കുവാൻ സമയം കണ്ടെത്തുക. നല്ല വിവരണം നല്കുമോ എന്നു വായിച്ചറിയുക.

അപ്പൊസ്തലിക സഭയിൽ ഒന്നിലധികം അദ്ധ്യക്ഷന്മാരും ശുശ്രൂഷകന്മാരും ഉണ്ടായിരുന്നു. "ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൗലൊസും തിമൊഥെയൊസും ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും കൂടെ എഴുതുന്നതു" (ഫിലിപ്പിയർ 1:1). പുതിയ നിയമത്തിൽ ഒരേ പ്രവൃത്തിക്കു ഉപയോഗിച്ചിരിക്കുന്ന വ്യത്യസ്ത പേരുകളാണ് "മൂപ്പന്മാർ", "അദ്ധ്യക്ഷന്മാർ", "ഇടയന്മാർ" എന്നിവ (പ്രവൃത്തി 20:17, 28; 1തിമൊഥെയൊസ് 4:14; എഫെസ്യർ 4:11). കത്തോലിക്കാ സഭയോ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളോ പുതിയ നിയമ മാതൃക പിൻ പററുന്നില്ല. അവർക്കു ഒന്നിലധികം

പള്ളികരം ചേർന്ന ഡയോസിസിന് ഒരു ബിഷപ്പ് എന്ന രീതിയാണുള്ളത്. എന്നാൽ ക്രിസ്തുവിന്റെ സഭ പുതിയ നിയമ ക്രമമാണ് പിൻ പററുന്നതു.

ഇനി നമുക്കു മൂപ്പൻമർക്കും അദ്ധ്യക്ഷൻമാർക്കും ബൈബിളിൽ പറയുന്ന യോഗ്യതകരം എന്തൊക്കെയാണെന്നു നോക്കാം.

(1) എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി (2) ഏക ഭാര്യയുടെ ഭർത്താവും (3) നിർമ്മദനും (4) ജിതേന്ദ്രിയനും (5) സുശീലനും (6) അതിഥി പ്രിയനും (7) ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം (1തിമൊഥെയൊസ് 3:1-2). (8) മൂപ്പൻമാരും ശുശ്രൂഷകൻമാരും മദ്യ പ്രിയരാകരുത് (1തിമൊഥെയൊസ് 3:3). (9) സഭാ നേതൃത്വത്തിലിരിക്കുന്നവർ തല്ലുകാരാകരുത് (1തിമൊഥെയൊസ് 3:3). (10) മൂപ്പൻമാരിൽ നിന്നും ശുശ്രൂഷകൻമാരിൽ നിന്നും കർത്താവു ആവശ്യപ്പെടുന്ന മററൊന്നു ശാന്തരായിരിക്കണം എന്നതാണ്. (11) കലഹിക്കാത്തവരാകണം. (12) ദ്രവ്യാഗ്രഹം ഇല്ലാത്തവരായിരിക്കണം. പണമോഹിയാകരുത് എന്നർത്ഥം. (13) സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവരാകണം അവർ. (14) മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവരും ആകണം. നിഗളിച്ചിട്ടു പിശാചിന്നു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യൻ അരുത്.

വിശ്വസ്തതയോടെ ദൈവ വചനത്താൽ നയിക്കപ്പെടുന്ന സേവനമാണ് അവർ നടത്തേണ്ടതു. സത്യത്തിനു വിട്ടു വീഴ്ച്ച ചെയ്യാത്തവരായിരിക്കണം മൂപ്പന്മാരും ശുശ്രൂഷകന്മാരും. ആത്മാക്കളെ കരുതലോടെ സൂക്ഷിക്കേണ്ടവരാണ് അവർ. ''നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ. അവർ കണക്കു ബോധിപ്പിക്കേണ്ടു

ന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു; ഇതു അവർ ഞരങ്ങിക്കൊണ്ടല്ല, സന്തോഷത്തോടെ ചെയ്‌വാൻ ഇട വരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല'' (എബ്രായർ 13:17).

അങ്ങനെ മൂപ്പന്മാർ സഭയെ നടത്തുന്നവരാണ്. എല്ലാവരും ചെയ്യേണ്ടതായ കാര്യ പരിപാടികൾ തയ്യാറാക്കേണ്ട ഉത്തരവാദിത്വം അവർക്കാണ്. ''മിലേത്തോസിൽ നിന്നു അവൻ എഫെസൊസിലേക്കു ആളയച്ചു സഭയിലെ മൂപ്പന്മാരെ വരുത്തി. നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻ കൂട്ടം മുഴുവനേയും സൂക്ഷിച്ചു കൊൾവിൻ'' (പ്രവൃത്തി 20:17, 28) എന്നു പറഞ്ഞു.

സഭയുടെ ആത്മീയമായ വളർച്ച ലക്ഷ്യമാക്കി ക്ഷേമത്തിൽ പരിപാലിക്കേണ്ട കടമയാണ് മൂപ്പന്മാർക്കുള്ളത്. ശുശ്രൂഷകന്മാർ താല്ക്കാലികമായ ശുശ്രൂഷ ചെയ്യുമ്പോൾ അതു ബുദ്ധിയോടെ ചെയ്യുവാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കേണ്ടതു മൂപ്പന്മാരാണ്. സഭയുടെ പണം ദൈവികമായി കൈകാര്യം ചെയ്യുവാൻ അവർക്കു ദൈവത്താൽ അധികാരം ലഭിച്ചിരിക്കുന്നു. യെഹൂദ്യയിലെ സഹോദരന്മാർക്കു മുട്ടുണ്ടായപ്പോൾ അവരുടെ ഉതവിക്കായി ശിഷ്യൻമാർ ശൗലിന്റെയും ബർന്നബാസിന്റെയും കയ്യിൽ സഹായം എത്തിച്ചു കൊടുത്തു. സഭയുടെ ദൈനന്തിന വ്യാപാരങ്ങൾ വചനാടിസ്ഥാനത്തിൽ വേണം നടത്തുവാൻ. അദ്ധ്യക്ഷന്മാരുടെ ചുമതലയാണ് അംഗങ്ങളെ ദുരുപദേഷ്ടാക്കളിൽ നിന്നും സൂക്ഷിക്കുക എന്നതു. ലോകത്തിൽ ധാരാളം ദുരുപദേശങ്ങൾ പ്രചരിച്ചിട്ടുണ്ട്.

*

ത്യം നിങ്ങൾ അറിയും; സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നാണ്. പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും'' (യോഹന്നാൻ 8:32, 36). ഈ അനുഗ്രഹങ്ങൾ ലഭിച്ചിരിക്കുന്നതു ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിക്കുന്നവർക്കാണ്. അതു യേശു അപ്പോസ്തലന്മാർ മുഖേന നല്കിയിരിക്കുന്നതാണ്. അങ്ങനെ മനുഷ്യർ പാപത്തിൽ നിന്നു സ്വതന്ത്രരായി നീതിക്കു ദാസന്മാരായി തീരുന്നു (റോമർ 6:17-18). എന്നാൽ യേശു പറഞ്ഞതു പോലെ നാം സ്വതന്ത്രരാകണമെങ്കിൽ നമ്മോടു ദൈവം പറഞ്ഞിരിക്കുന്നതു മുഴുവൻ നാം എടുക്കണം. അതിന്റെ അർത്ഥം നാം വെറുതെ അതു വിശ്വസിച്ചാൽ പോരാ. നാം അങ്ങനെ ജീവിക്കണം. ''ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. എങ്കിലും വചനം കേൾക്ക മാത്രം ചെയ്തു കൊണ്ടു തങ്ങളെത്തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ (യാക്കോബ് 1:22-23).

ദൈവം യിസ്രായേലിനെ മിസ്രയീം അടിമത്വത്തിൽ നിന്നു വിടുവിച്ചു. ചെങ്കടലിൽ കൂടെ നടത്തി. മരുഭൂമിയിൽ കൂടെയും നയിച്ചു. അവൻ അവരെ നടത്തി, പോറ്റി പുലർത്തി കാത്തു സംരക്ഷിച്ചു. അവർ ജീവിക്കേണ്ടതിന്നു അവൻ അവർക്കായി ഒരു ന്യായപ്രമാണവും നല്കി. ആ നിയമത്തെ കുറിച്ചു അവരുടെ അദ്ധ്യക്ഷനായിരുന്ന മോശെ പറഞ്ഞിരിക്കുന്നു: ''എല്ലായ്പ്പോഴും നമുക്കു നന്നായിരിക്കേണ്ടതിന്നും ഇന്നത്തെപ്പോലെ അവൻ നമ്മെ ജീവനോടെ രക്ഷിക്കേണ്ടതിന്നുമായി നാം നമ്മുടെ ദൈവമായ യഹോവയെ ഭയപ്പെടുവാനും ഈ എല്ലാ ചട്ടങ്ങളെയും ആചരിപ്പാനും യഹോവ നമ്മോടു കല്പിച്ചു'' (ആവർത്തന പുസ്തകം 6:24).

(ശേഷം അടുത്ത ലക്കത്തിൽ)

# യേശു - നമ്മുടെ മഹാ പുരോഹിതൻ

**തോമസ് ഡി.**

പഴയ നിയമത്തിൽ, ന്യായപ്രമാണ കാലഘട്ടത്തിൽ പൗരോഹിത്യ ശുശ്രൂഷ നില നിന്നിരുന്നു. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ സേവനം ചെയ്യേണ്ടവരായിരുന്നു ഇവർ. അഹരോന്റെ വംശാവലിയിൽ നിന്നു മഹാ പുരോഹിതന്മാരെ തിരഞ്ഞെടുത്തിരുന്നു. മഹാ പുരോഹിതന്മാർക്കു കീഴിൽ ശുശ്രൂഷ ചെയ്യുന്നവരായിരുന്നു സാധാരണ പുരോഹിതന്മാർ. അവരെല്ലാം ദൈവ കല്പനക്കു വിധേയമായിട്ടാണ് പ്രവർത്തിച്ചിരുന്നതു. എന്നാൽ ഇന്നു നിലവിലുള്ളതു പുതിയ നിയമമാണ്. പുതിയ നിയമത്തിൽ യേശുക്രിസ്തു മഹാ പുരോഹിതനാണ്. ക്രിസ്തുവിന്റെ വചന പ്രകാരം ക്രിസ്ത്യാനികളായി തീർന്നവർ പുരോഹിതന്മാരുമാകുന്നു.

''തിരിഞ്ഞപ്പോൾ ഏഴു പൊൻ നിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനേയും കണ്ടു'' (വെളിപ്പാട് 1:13). യോഹന്നാൻ പത്മോസ് ദ്വീപിൽ കിടന്നു കാണുന്ന സ്വർഗ്ഗീയ ദർശനമാണിത്.

നമുക്കും ദൈവത്തിന്റെ കൃപാസനത്തോടു അടുത്തു ചെന്നു യോഹന്നാൻ കണ്ടതായ സഭയുടെ സന്തോഷവും പൗരോഹിത്യ വസ്ത്രവും ഒന്നു കാണാം. യഹോവയുടെ ആജ്ഞയാൽ മഹാ പുരോഹിതനായി ഇന്നും തന്റെ പീഠത്തിൽ അവൻ ഇരിക്കുന്നു. അവൻ എന്നേക്കുമുള്ള പുരോഹിതനാകുന്നു. ''മല്ക്കിസേദെക്കിന്റെ ക്രമപ്രകാരം മഹാ പുരോഹിതൻ എന്നുള്ള നാമം ദൈവത്താൽ ലഭിച്ചിരി

ക്കുന്നു'' (എബ്രായർ 5:10). കർത്താവു നമ്മെ വിളിക്കുന്നു. അവൻ നിങ്ങളേയും വിളിക്കുകയാണ്. തന്റെ വചനത്താലാണ് വിളിക്കുന്നതു (2തെസലൊനിക്യർ 2:14). ''താൻ മുഖാന്തരം ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു'' (എബ്രായർ 7:25). എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു. നമ്മുടേതിന്നു മാത്രമല്ല, സർവ്വ ലോകത്തിന്റെ പാപത്തിന്നും തന്നേ'' (യോഹന്നാൻ 2:1-2).

രക്തം തളിച്ച ഉടുപ്പു ധരിച്ചതായിട്ടാണ് യോഹന്നാൻ കാണുന്നതു. ദൈവ സന്നിധിയിൽ കുററമില്ലാത്ത രക്തം യാഗമായി അർപ്പിച്ചതിനെ സൂചിപ്പിക്കുന്നതാണ് അത് (വെളിപ്പാട് 19:13). അവൻ രക്തം ധരിച്ച ഉടുപ്പു ധരിച്ചിരിക്കുന്നതു നിങ്ങൾക്കു വേണ്ടിയാണ്. പൗരോഹിത്യ വസ്ത്രം ധരിച്ചു നിങ്ങൾക്കു വേണ്ടി പക്ഷവാദം ചെയ്യുമെന്നോർക്കുക. ദൈവ കൃപ ലഭിക്കുവാൻ മനുഷ്യരായ നമ്മിൽ എന്തു യോഗ്യതയാണുള്ളത് ! ഒന്നുമില്ല. നമുക്കു ദൈവത്തോടടുത്തു ചെന്നു ഭയ ഭക്തിയോടു കൂടി അവനെ വീണു നമസ്ക്കരിക്കാമെന്നല്ലാതെ മററെന്തു ചെയ്യാൻ കഴിയും ? യേശുവിനെ കണ്ടിട്ടു യോഹന്നാൻ മരിച്ചവനെ പോലെ ആയി അവന്റെ കാല്ക്കൽ വീണു. യേശു തന്റെ വലങ്കൈ അവന്റെ മേൽ വെച്ചു - ഭയപ്പെടേണ്ട എന്നു പറഞ്ഞു (വെളിപ്പാട് 1:17). നമ്മുടെ കർത്താവു എത്ര വലിയവനാണെന്നു നാമും ഒരിക്കൽ തിരിച്ചറിയും. അവൻ തീർച്ചയായും മുൻപുണ്ടായിരുന്നവനും ജീവിച്ചിരുന്നവനും മരിച്ചവനും അടക്കപ്പെട്ടു ഉയിർത്തെഴുന്നേററവനും എന്നേക്കും ജീവിച്ചിരിക്കുന്നവനും ആകുന്നു.

വീണ്ടെടുക്കപ്പെട്ടവർ കർത്താവിനോടു അടുക്കുമ്പോൾ അനുഭവപ്പെടുന്ന സന്തോഷം നിർവ്വചിക്കാൻ സാദ്ധ്യമല്ല. ഇപ്പോൾ നാം കർത്താവിനെ വിശ്വാസത്താൽ കാണുന്നു. നമ്മുടെ മഹാ പുരോഹിതനെ കുറിച്ചു എബ്രായ ലേഖകൻ വിവരിക്കുന്നുണ്ട്. ''പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗങ്ങൾക്കാൾ ഉന്നതനായി തീർന്നവൻ''. പഴയ നിയമ മഹാ പുരോഹിതന്മാർ ആദ്യം തങ്ങളുടെ പാപങ്ങൾക്കായും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനം പ്രതി യാഗം കഴിച്ചിരുന്നു. എന്നാൽ തന്നെത്താൻ പാപമില്ലാത്ത സ്വന്ത ശരീരയാഗം എന്നേക്കുമായി അർപ്പിച്ചു. ന്യായപ്രമാണത്തിൽ ബലഹീന മഹാ പുരോഹിതന്മാരായിരുന്നു ഉണ്ടായിരുന്നതു. എന്നാൽ ഇപ്പോൾ തികഞ്ഞവനായി തീർന്ന പുത്രനെ പുരോഹിതനാക്കിയിരിക്കുന്നു. പുതിയ നിയമത്തിനു വേണ്ടിയും കൂടെയാണ് അവൻ രക്തം ചിന്തിയതു. അവന്റെ രക്തത്താൽ നമ്മെ വിലെക്കു വാങ്ങി അവൻ പിതാവിന്നു ഏല്പിച്ചു കൊടുക്കുകയാണ്. നാം രക്ഷിക്കപ്പെടുന്നതു ഈ മഹാ പുരോഹിതൻ മുഖാന്തരമാണ് (പ്രവൃത്തി 4:12). തന്നെ അനുസരിക്കുന്നവർക്കു അവൻ നിത്യ രക്ഷയുടെ കാരണഭൂതനാണ്.

യേശു തന്റെ ദൗത്യ നിർവ്വഹണത്തിന്റെ അവസാന ഘട്ടത്തിൽ പ്രാർത്ഥിക്കുന്ന ശബ്ദം നിങ്ങൾ കേൾക്കുന്നുണ്ടോ ? ''ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല ; ഇവരോ ലോകത്തിൽ ഇരിക്കുന്നു ; ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന്നു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തു കൊള്ളേണമേ'' (യോഹന്നാൻ 17: 11). ''പിതാവേ നീ ലോക സ്ഥാപനത്തിനു മുൻപേ എന്നെ സ്നേഹിച്ചിരിക്ക കൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടു കൂടെ ഇരിക്കേണം

എന്നു ഞാൻ ഇച്ഛിക്കുന്നു'' (യോഹന്നാൻ 17:24).

കരുണാമയനും സർവ്വശക്തനും മഹാപുരോഹിതനുമായ കർത്താവിൻെറ പൗരോഹിത്യം തീർച്ചയായും എന്നേക്കുമുള്ളതാകുന്നു (എബ്രായർ 7:17). കോപ്പാൻ കഴിയാതവണ്ണമല്ല അവൻ ഇരിക്കുന്നതു. കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്നവർക്കു അവൻ രക്ഷാ സന്ദേശം എത്തിച്ചു കൊടുക്കും. താഴ്മയോടെ ദൈവ കല്പന അനുസരിക്കുന്നവരെ അവൻ സ്വീകരിക്കും. അങ്ങനെ അവൻെറ സുവിശേഷ വിളി സ്വീകരിച്ചവർക്കു സ്വർഗ്ഗീയമായ അവകാശം ലഭിക്കും. അവരെ ഉയർത്തി ദൈവം അനുഗ്രഹിക്കും. അടുത്തുള്ളവരെയും ദൂരസ്ഥരെയും അവൻ രക്ഷിക്കും. തന്നോടു അടുക്കുന്നവരെ അവൻ പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തൻ തന്നെ.

പഴയ നിയമ പൗരോഹിത്യം മാറി പോകുന്നതാണ്. എന്നാൽ പുതിയ നിയമ പൗരോഹിത്യം എന്നേക്കും നിലനില്ക്കുന്നതാണ്. അഴിഞ്ഞു പോകാത്ത ജീവൻെറ ശക്തിയാൽ ഉളവായ പുരോഹിതനാണ് മല്ക്കീസേദെക്കിന്നു സദൃശനായി ഉദിച്ചതു. നാം ഇന്നു എത്രയോ ഭാഗ്യമുള്ളവർ എന്നു പറയാൻ കാരണം അതാണ്. അങ്ങനെയുള്ള കർത്താവിൻെറ കല്പനകളെ നിങ്ങൾ ഉപേക്ഷിച്ചു കളയരുത്. നിത്യമായി നമ്മെ രക്ഷിപ്പാനും നിത്യമായി ശിക്ഷിപ്പാനും അവന്നു കഴിയും എന്നോർക്കുക. അതുകൊണ്ടു ഏക മദ്ധ്യസ്ഥനും രക്ഷകനും ആയ കർത്താവിൻെറ രക്ഷയെ നിരസിക്കരുത്. അവൻ വീണ്ടും വരുമ്പോൾ നടത്തുന്ന ന്യായവിധിയിൽ ശിക്ഷിക്കപ്പെടുവാൻ ഇട വരരുത്. യേശു ക്രിസ്തുവാണ് അന്ത്യവിധി നടത്തുന്നതു.

*

# ഡോക്ടറെ ആവശ്യമുണ്ട്

സേവനലക്ഷ്യത്തോടെ നടത്തുന്ന, **കോട്ടയം** ജില്ലയിലുള്ള ഒരു ക്രൈസ്തവ ആശുപത്രിയിൽ സേവനസന്നദ്ധനായ ഡോക്ടറെ ആവശ്യമുണ്ട്. പ്രധാനമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കുള്ളതാണ് ആശുപത്രി. താമസിക്കുന്നതിന് വീട് ലഭ്യമാണ്. റിട്ടയർ ചെയ്തവർക്കും അപേക്ഷിക്കാം. ശമ്പളം, സേവന വ്യവസ്ഥകൾ എന്നിവയ്ക്ക് ബന്ധപ്പെടുക.

**ജോസഫ് പുലിക്കുന്നേൽ**

**ഡയറക്ടർ, W & D ഹോസ്പിറ്റൽ**

**ഓശാനമൗണ്ട്, ഇടമറ്റം–686 588**

✆ 04822-236269 (Off.), 236214 (Res.)

Mob : 9447196214

# HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M. - 7:00 A.M. and Thursdays, 6:45 AM - 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Friday 3:45 - 4.00 pm.<br>Speaker : P.K. Varghese<br>Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays Thursdays, Fridays 5:30 P.M. to 5.45 P.M. Speaker, P.R. Swamy, Box 8405, Bangalore 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M. - 2:15 P.M. Speaker, Joshua Gootam, Box 80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Annual subscription: Rs. 50/-**

Reg. No.K. Dis. 90095/86/A8.Reg. No. KL(N) 22/2003-2005
Licensed to post without prepayment No. Tech/62-2 TV(N) 40/2004

*Join us to worship God in spirit and Truth*
*The*

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum - 35

**Sunday - worship - 10.00am**
**Tuesday - Bible Study - 6.00pm**

**ALL ARE WELCOME**

**All correspondence should be sent to the Editor, The Bible Truth, Post Box No. 5540, Trivandrum - 34, Kerala, India**

*To*

*From*

THE BIBLE TRUTH
Church of Christ
Thampuranmukku
Trivandrum -695035
Kerala, India
Phone: 2303378